LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ സഹകരണ സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

140 [3545] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ സഹായ സഹകരണ സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സ്വാശ്രയ സഹായ സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) 2003 മാർച്ച് വരെ എത്ര സ്വാശ്രയ സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സ്വാശ്രയ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് പരമാവധി നൽകി വരുന്ന വായ്പ എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) അംഗങ്ങൾക്കായുള്ള വായ്പാ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

പുതുതായി ബ്രാഞ്ചുകൾ അനുവദിക്കപ്പെട്ട സഹകരണ സംഘങ്ങൾ

141 [3546] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് പുതുതായി ബ്രാഞ്ചുകൾ അനുവദിക്കുകയുണ്ടായി;

(ബി) ബ്രാഞ്ചുകൾ പുതുതായി അനുവദിച്ചുകിട്ടുന്നതിനുവേണ്ടി രജിസ്ട്രാറിന്റെ പരിഗണനയിലിരിക്കുന്ന സംഘങ്ങളുടെ അപേക്ഷ എത്ര; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) സംഘങ്ങൾക്ക് ബ്രാഞ്ചുകൾ അനുവദിക്കാൻ സഹകരണ രജിസ്ട്രാർ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ?

ഉത്തരം

(എ) 92 ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് പുതുതായി ബ്രാഞ്ചുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 52 അപേക്ഷകൾ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	..	6
2.	കൊല്ലം	..	3
3.	പത്തനംതിട്ട	..	..
4.	കോട്ടയം	..	2
5.	ആലപ്പുഴ	..	4
6.	ഇടുക്കി	..	3
7.	എറണാകുളം	..	2
8.	തൃശ്ശൂർ	..	3
9.	പാലക്കാട്	..	2
10.	മലപ്പുറം	..	8
11.	കോഴിക്കോട്	..	7
12.	വയനാട്	..	1
13.	കണ്ണൂർ	..	8
14.	കാസർഗോഡ്	..	3
	ആകെ	..	52

(സി) ഇല്ല.

സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തന പുരോഗതി

142 [3547] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ പി. ജയരാജൻ:
„ കെ. പി. സതീശ് ചന്ദ്രൻ:
„ പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ ഭാഗമായി ആരംഭിച്ച സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ കോടതിയിൽ ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര എണ്ണം ഇതിനകം തീർപ്പാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly